രൂപീകരിക്കുവാൻ കഴിഞ്ഞ ഗവൺമെന്റ് ആക്ടിൽ ഭേദഗതി കൊണ്ടുവന്നതാണ്. നൂറ് സൊസൈറ്റികളൊന്നുമില്ല. പതിനെട്ടുപത് സൊസൈറ്റികളുണ്ട്. അതുതന്നെ കോടതിയിൽ കേസിലാണിപ്പോൾ. നിങ്ങൾ റിസർവ് ബാങ്കിനെ അറിയിച്ച് കുഴപ്പമുണ്ടാക്കിയതുകൊണ്ട് 1946-ൽ രൂപീകരിച്ച ടൗൺ ബാങ്കിനുവരെ നോട്ടീസ് അയച്ചിരിക്കുകയാണ് റിസർവ് ബാങ്ക്. അതുകൊണ്ട് വെറുതെ കുഴപ്പമുണ്ടാക്കണ്ട. ഒരു ഭാഗത്ത് കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നുവെന്ന് പറയുക, എന്നിട്ട് അവന്റെ താല്പര്യം സംരക്ഷിക്കുവാൻ ഒൺടൈം സെറ്റിൽമെന്റ് കൊണ്ടുവന്നാൽ അത് ഗവൺമെന്റ് കൊടുക്കണമെന്നുപറയും. അതു നടക്കില്ല.

(4) കുന്നംകുളം മജിസ്ട്രേറ്റ് കോടതി മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, കുന്നംകുളം മജിസ്ട്രേറ്റ് കോടതിയോടൊപ്പം മുൻസിഫ് കോടതികൂടി ഉണ്ടാകണമെന്നുള്ള ആവശ്യം വളരെ വർഷങ്ങളായിട്ടുള്ളതാണ്. പ്രധാനകാരണം, കുന്നംകുളം മുതൽ വടക്കാഞ്ചേരി വരെ 20 കിലോമീറ്റർ വരെയുള്ള സ്ഥലങ്ങളിലെ സിവിൽ കേസുകൾ ചാവക്കാട് മുൻസിഫ് കോടതിയിലാണ് പോകുന്നത്. അതുകൊണ്ട് ധാരാളം ആളുകൾ ബുദ്ധിമുട്ടുന്നുണ്ട്. കുന്നംകുളം പ്രത്യേകിച്ച് മണിലെന്റിംഗ് ബിസിനസ്സ് നടക്കുന്ന സ്ഥലമാണ്. ധാരാളം സിവിൽ കേസുകൾ വരുന്ന സ്ഥലമാണ്. അതുകൊണ്ട് കുന്നംകുളത്ത് മുൻസിഫ് കോടതിയുടെ ആവശ്യം ആ പ്രദേശത്തെ മുഴുവൻ ആളുകളുടെയും ആവശ്യമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന് മജിസ്ട്രേറ്റ് കോടതിയോടൊപ്പം മുൻസിഫ് കോടതികൂടി ഉണ്ടാകണം എന്നതാണ് ഞാൻ ഉന്നയിക്കുന്നത്. ഇതു വളരെ ഗൗരവമായി പരിഗണിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കുന്നംകുളം മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന് ഹൈക്കോടതിയിൽനിന്നും ലഭിച്ചിട്ടില്ല. എന്നാൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി അയച്ചിട്ടുണ്ട്, മറുപടി കിട്ടിയിട്ടില്ല.

(5) പി.എസ്.സി. 26-7-2003-ന് നടത്തുന്ന എൽ.ഡി.സി. ടെസ്റ്റിന് അപേക്ഷകൾ നിരസിച്ചത് സംബന്ധിച്ച്

ശ്രീ. ബിനോയ് വിശ്വം :സർ, 26-ാം തീയതി പി.എസ്.സി. വിവിധ ഡിപ്പാർട്ടുമെന്റിലേക്കു നടത്തുന്ന എൽ.ഡി.സി.യുടെ ടെസ്റ്റ് ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് എഴുതാൻ പറ്റുന്നില്ല. അപേക്ഷാ ഫാറം പൂരിപ്പിച്ചതിലുള്ള പിഴവുകൾ ജില്ലാ കോഡിലുള്ള മാറ്റം, അഡ്രസ്സിലെ ചെറിയ മാറ്റം അതൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ ഒരു വലിയ തെറ്റ് ചെയ്തത്. പി.എസ്.സി. വേറൊരു വലിയ തെറ്റ് കാണിച്ചിട്ടുണ്ട്. ഡിസംബർ 31-ാം തീയതി ഗസറ്റ് പ്രസിദ്ധീകരിക്കുന്നു. അതിന്റെ ബുള്ളറ്റിന്റെ വാർത്ത വരുന്നത് അടുത്തകൊല്ലം ജനുവരി മാസത്തിലാണ്. എന്നിട്ട് പറയുന്നത്, 18 വയസ് തികഞ്ഞിട്ടില്ല, 35 വയസ്

LIBRARY ARCHIVES Kerala Legislative Assembly